# എലിപ്പനിക്കെതിരെ ജാഗ്രത





**ഓടകൾ, കുളങ്ങൾ,വെള്ളക്കെട്ടുകൾ എന്നിവിടങ്ങളിൽ കൈയുറ,കാലുറ തുടങ്ങിയവ ധരിക്കാതെ ജോലിചെയ്യുന്നവർക്ക് എലിപ്പനിക്കുള്ള സാധ്യത കൂടുതലാണ്**

**ഇവർ ആഴ്ചയിലൊരിക്കൽ ഭക്ഷണശേഷം 100 മില്ലിഗ്രാമിന്റെ 2 ഡോക്സിസൈക്ലിൻ ഗുളിക കഴിക്കുക**

NATIONAL HEALTH MISSION
ആരോഗ്യ കേരളം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, കേരള സർക്കാർ

# എലിപ്പനിയെ സൂക്ഷിക്കുക


ശരീരത്തിൽ ചെറു മുറിവുകളോ വ്രണങ്ങളോ ഉള്ളവർ,പാദം വീണ്ടുകീറിയവർ, ഏറെ നേരം വെള്ളത്തിൽ പണിയെടുത്ത് കൈകാലുകളിലെ തൊലി മൃദുലമായവർ തുടങ്ങിയവരിൽ എലിപ്പനിക്ക് കാരണമാകുന്ന രോഗാണുവിന് പ്രവേശനം എളുപ്പമാണ്.



ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, കേരള സർക്കാർ

# എലിപ്പനി

## ലക്ഷണങ്ങൾ



**കടുത്ത പനി, തലവേദന, ശക്തമായ ശരീരവേദന,**
**കണ്ണിന് ചുവപ്പ് /മഞ്ഞ നിറം, വെളിച്ചത്തിൽ നോക്കാൻ പ്രയാസം,**
**മൂത്രത്തിൻറെ അളവ് കുറഞ്ഞ് കടുത്ത നിറം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, കേരള സർക്കാർ

# മുൻകരുതലെടുക്കാം
# എലിപ്പനി തടയാം

**മണ്ണിലും, ചെളിയിലും വെള്ളക്കെട്ടിലും
ജോലി ചെയ്യുന്ന സാഹചര്യത്തിൽ വ്യക്തിഗത
സുരക്ഷാമാർഗ്ഗങ്ങളായ കൈയുറ,കാലുറ
എന്നിവ ഉപയോഗിക്കുകയും, മുൻകരുതൽ മരുന്നായ
ഡോക്സി സൈക്ലിൻ കഴിക്കുകയും ചെയ്യുക**



ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, കേരള സർക്കാർ

# മുറിവുണ്ടെങ്കിൽ ശ്രദ്ധിക്കുക

- വയലിൽ ജോലി ചെയ്യുന്നവരിലും ഓട, കനാൽ, തോട്, കുളങ്ങൾ, വെള്ളക്കെട്ട് എന്നിവ വൃത്തിയാക്കുന്നവരിലും എലിപ്പനിക്കുള്ള സാധ്യത കൂടുതലാണ്
- കൈകാലുകളിലോ മറ്റു ശരീരഭാഗങ്ങളിലോ മുറിവുള്ളവർ അത് ഉണങ്ങുന്നതുവരെ ഇത്തരം ജോലികൾ ഒഴിവാക്കുക
- ജോലി ഒഴിവാക്കാനാവില്ലെങ്കിൽ ജോലിക്ക് മുൻപും ശേഷവും ആൻറി സെപ്റ്റിക് ഓയിൻമെന്റ് പുരട്ടി മുറിവ് കെട്ടുക



ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, കേരള സർക്കാർ

# എലിപ്പനി

## ആർക്കും വരാം

വീടിനകത്തോ പുറത്തോ എലി, നായ, കന്നുകാലികൾ മുതലായവയുടെ മൂത്രം കലർന്ന വസ്തുക്കളുമായുള്ള സമ്പർക്കം വഴി ലെപ്റ്റോസ്പൈറ എന്ന ബാക്ടീരിയ തൊലിയിലുള്ള മുറിവുകളിലൂടെയോ കണ്ണുകളിലൂടെയോ മനുഷ്യശരീരത്തിൽ പ്രവേശിച്ചാണ് എലിപ്പനി പകരുന്നത്.



ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, കേരള സർക്കാർ

# എലിപ്പനിക്കെതിരെയുള്ള മുൻകരുതൽ മരുന്നായ ഡോക്സിസൈക്ലിൻ കഴിക്കേണ്ടവിധം

ആഴ്ചയിലൊരിക്കൽ ഭക്ഷണശേഷം
100 മില്ലിഗ്രാമിന്റെ 2 ഗുളികകൾ
തുടർച്ചയായി കഴിക്കുക







ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, കേരള സർക്കാർ

ആരോഗ്യ കുടുംബക്ഷേമവകുപ്പ്


# എലിപ്പനി തടയാം





കൈകാലുകളിലെ മുറിവുകൾ, കണ്ണ്, മൂക്ക്, വായ എന്നിവയിലൂടെയാണ് എലിപ്പനി രോഗാണു ശരീരത്തിലെത്തുന്നത്.







- കൈകാലുകളിൽ മുറിവുകളോ വിണ്ടുകീറലോ ഉണ്ടെങ്കിൽ വെള്ളക്കെട്ടുകളിലും മലിനമായ മണ്ണിലും ഇറങ്ങരുത്.
- തോട്, ഓട, കുളം എന്നിവിടങ്ങളിലെ വെള്ളംകൊണ്ട് മുഖവും വായും കഴുകരുത്
- കന്നുകാലികളെ കുളിപ്പിക്കുന്ന തോട്, കുളം എന്നിവിടങ്ങളിൽ കളിക്കരുത്
- ജോലിക്കായി ഇറങ്ങുമ്പോൾ കയ്യുറ, കാലുറ തുടങ്ങിയ വ്യക്തിഗത സുരക്ഷാമാർഗ്ഗങ്ങൾ ഉപയോഗിക്കുക.
- വീടിന് പുറത്തിറങ്ങുമ്പോൾ ചെരുപ്പ് നിർബന്ധമായും ധരിക്കുക.
- ആഹാരസാധനങ്ങൾ വീടിന് പുറത്തും പൊതുസ്ഥലങ്ങളിലും കൂട്ടിയിടരുത്.
- എലി മാളങ്ങൾ നശിപ്പിക്കുക.

DEPARTMENT OF HEALTH SERVICES KERALA

NATIONAL HEALTH MISSION



ആരോഗ്യ കുടുംബക്ഷേമവകുപ്പ്

# എലിപ്പനി
## തടയാൻ
# ഡോക്സിസൈക്ലിൻ







- വെള്ളക്കെട്ടുകളിലും മലിനമായ മണ്ണിലും ജോലി ചെയ്യുന്നവർ എലിപ്പനി പ്രതിരോധ മരുന്നായ ഡോക്സിസൈക്ലിൻ കഴിക്കുക.
- ആഴ്ചയിൽ ഒരിക്കൽ 100 മില്ലിഗ്രാമിന്റെ രണ്ട് ഡോക്സിസൈക്ലിൻ ഗുളികകൾ (200 mg) 6–8 ആഴ്ച വരെ തുടർച്ചയായി കഴിക്കുക.
- ജോലി തുടർന്നും ചെയ്യുന്നുവെങ്കിൽ 2 ആഴ്ചത്തെ ഇടവേളക്ക് ശേഷം വീണ്ടും കഴിക്കുക.
- ഡോക്സിസൈക്ലിൻ ഗുളിക ആഹാരശേഷം മാത്രം കഴിക്കുക. ധാരാളം വെള്ളം കുടിക്കുക.

**സ്വയം ചികിത്സ പാടില്ല.**

ഡോക്ടറോട് ജോലി വിവരങ്ങൾ പറയുക.
എലിപ്പനി യഥാസമയം ചികിത്സിച്ചില്ലെങ്കിൽ മരണകാരണമാകും.

**സർക്കാർ ആശുപത്രികളിലും ആരോഗ്യകേന്ദ്രങ്ങളിലും ഡോക്സിസൈക്ലിൻ സൗജന്യമായി ലഭ്യമാണ്.**


NATIONAL HEALTH MISSION



ആരോഗ്യ കുടുംബക്ഷേമവകുപ്പ്

# എലിപ്പനി

## പ്രതിരോധിക്കാം







- കൈകാലുകളിൽ മുറിവുകളുള്ളപ്പോൾ വെള്ളക്കെട്ടുകളിലും മലിനമായ മണ്ണിലും ഇറങ്ങരുത്
- ജോലിക്കായി ഇറങ്ങേണ്ടി വന്നാൽ മുറിവുകൾ വെള്ളം കടക്കാത്ത വിധം പൊതിഞ്ഞ് സൂക്ഷിക്കുക
- കയ്യുറകളും കാലുറകളും ധരിക്കുക
- ജോലി ചെയ്യുന്ന കാലയളവിൽ പ്രതിരോധ മരുന്നായ ഡോക്സിസൈക്ലിൻ ഗുളിക ആരോഗ്യപ്രവർത്തകരുടെ നിർദ്ദേശപ്രകാരം കഴിക്കണം

**സ്വയം ചികിത്സ പാടില്ല.**

പനി ഉണ്ടായാൽ ഉടൻ തന്നെ ഡോക്ടറുടെ
അടുത്തെത്തി ചികിത്സ തേടുക.
ജോലി വിവരങ്ങൾ ഡോക്ടറോട് പറയുക.



ആരോഗ്യ കുടുംബക്ഷേമവകുപ്പ്

# എലിപ്പനി

## പ്രതിരോധിക്കാം







- മലിനമായ മണ്ണിലും വെള്ളക്കെട്ടിലും വയലിലും ജോലി ചെയ്യുന്നവർക്കാണ് എലിപ്പനി സാധ്യത കൂടുതൽ.

**ലക്ഷണങ്ങൾ**

- പനി
- തലവേദന
- ക്ഷീണം
- ശക്തമായ ശരീരവേദന, നടുവേദന
- കാൽവണ്ണയിലെ പേശിവേദന
- കണ്ണിന് മഞ്ഞനിറം / ചുവപ്പ് നിറം

ഈ ലക്ഷണങ്ങൾ കണ്ടാൽ എലിപ്പനി സംശയിക്കുക. ഡോക്ടറുടെ അടുത്തെത്തി ചികിത്സ തേടുക.

മൂത്രത്തിന്റെ അളവിൽ കുറവ്
മൂത്രത്തിന് മഞ്ഞനിറം / ചുവപ്പ് നിറം ഇവ
എലിപ്പനി ഗുരുതരമാകുന്നതിന്റെ ലക്ഷണങ്ങളാണ്.

ഈ ലക്ഷണങ്ങൾ കണ്ടാൽ തീവ്ര പരിചരണ സംവിധാനമുള്ള ആശുപത്രിയിലെത്തി ചികിത്സ തേടുക.

**എലിപ്പനി യഥാസമയം ചികിത്സിച്ചില്ലെങ്കിൽ മരണകാരണമാകും.**


ആരോഗ്യ ജാഗ്രത
വെള്ളം കയറിയ പ്രദേശങ്ങളിലുള്ളവരും
രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരും
എലിപ്പനി പ്രതിരോധത്തിനായി
ഡോക്സി സൈക്ലിൻ ഗുളിക
(ആഴ്ചയിലൊരിക്കൽ 100 മില്ലി ഗ്രാമിന്റെ 2 എണ്ണം)
ആരോഗ്യ പ്രവർത്തകരുടെ നിർദ്ദേശപ്രകാരം
നിർബന്ധമായും കഴിക്കുക..
എലിപ്പനി
പ്രതിരോധിക്കാം..
മരണം ഒഴിവാക്കാം



ആരോഗ്യ കുടുംബക്ഷേമവകുപ്പ്

# എലിപ്പനി

## തടയാൻ

# ഡോക്സിസൈക്ലിൻ







- വെള്ളക്കെട്ടുകളിലും മലിനമായ മണ്ണിലും ജോലി ചെയ്യുന്നവർ എലിപ്പനി പ്രതിരോധ മരുന്നായ ഡോക്സിസൈക്ലിൻ കഴിക്കുക.
- ആഴ്ചയിൽ ഒരിക്കൽ 100 മില്ലിഗ്രാമിന്റെ രണ്ട് ഡോക്സിസൈക്ലിൻ ഗുളികകൾ (200 mg) 6-8 ആഴ്ച വരെ തുടർച്ചയായി കഴിക്കുക.
- ജോലി തുടർന്നും ചെയ്യുന്നുവെങ്കിൽ 2 ആഴ്ചത്തെ ഇടവേളക്ക് ശേഷം വീണ്ടും കഴിക്കുക.
- ഡോക്സിസൈക്ലിൻ ഗുളിക ആഹാരശേഷം മാത്രം കഴിക്കുക. ധാരാളം വെള്ളം കുടിക്കുക.

**സ്വയം ചികിത്സ പാടില്ല.**

ഡോക്ടറോട് ജോലി വിവരങ്ങൾ പറയുക.
എലിപ്പനി യഥാസമയം ചികിത്സിച്ചില്ലെങ്കിൽ മരണകാരണമാകും.

**സർക്കാർ ആശുപത്രികളിലും ആരോഗ്യകേന്ദ്രങ്ങളിലും ഡോക്സിസൈക്ലിൻ സൗജന്യമായി ലഭ്യമാണ്.**


NATIONAL HEALTH MISSION


ആരോഗ്യ കുടുംബക്ഷേമവകുപ്പ്



# എലിപ്പനി

## എലിപ്പനി സാധ്യത കൂടുതലുള്ളതാർക്ക് ?







- ഓട, കുളം, തോട് വൃത്തിയാക്കുന്നവർ
- വയലിൽ ജോലിയെടുക്കുന്നവർ
- പട്ടി, പൂച്ച തുടങ്ങിയ വളർത്തു മൃഗങ്ങൾ, കന്നുകാലികൾ ഇവയെ പരിചരിക്കുന്നവർ
- കെട്ടിട നിർമ്മാണ തൊഴിലാളികൾ
- കുളം, തോട് എന്നിവിടങ്ങളിൽ നിന്നും മീൻ പിടിക്കുന്നവർ
- തൊഴിലുറപ്പ് ജോലികളിൽ ഏർപ്പെടുന്നവർ
- കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കളിക്കുകയോ കുളിക്കുകയോ ചെയ്യുന്നവർ
- എലിമൂത്രം കലരാൻ ഇടയുള്ള സ്ഥലങ്ങളിൽ ഇടപഴകുന്നവർ
- വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിലുള്ളവർ
- ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ

ഇത്തരം ജോലികളിൽ ഏർപ്പെടുന്നവർ പ്രതിരോധ ഗുളികയായ ഡോക്സിസൈക്ലിൻ ആരോഗ്യപ്രവർത്തകരുടെ നിർദ്ദേശാനുസരണം കഴിക്കണം.

സർക്കാർ ആശുപത്രികളിലും ആരോഗ്യകേന്ദ്രങ്ങളിലും ഡോക്സിസൈക്ലിൻ സൗജന്യമായി ലഭ്യമാണ്.

NATIONAL HEALTH MISSION